# തൗഹീദിന്റെ പാഠങ്ങൾ

അബ്ദുൽ മുഹ്സിൻ ഐദീദ്

alaswala.com

# നാലു കാര്യങ്ങൾ

ഓരോ മുസ്ലിം നിർബന്ധമായും അറിഞ്ഞിരിക്കേണ്ട നാല് പാഠങ്ങൾ ഉണ്ട്. അവ ഓരോ വ്യക്തിയുടെയും ജീവിത വിജയത്തിന് നിർബന്ധമായും വേണ്ട അതിപ്രധാനമായ നാല് ഗുണങ്ങളാണ്.

താഴെ പറയുന്നവയാണ് അവ:

**ഒന്ന്:** അറിവ് നേടൽ.

**രണ്ട്:** അറിഞ്ഞത് അനുസരിച്ച് പ്രവർത്തിക്കൽ.

**മൂന്ന്:** സത്യത്തിലേക്ക് ക്ഷണിക്കൽ.

**നാല്:** ഈ മാർഗത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങളിൽ ക്ഷമിക്കൽ.

ഈ നാല് കാര്യങ്ങളെ കുറിച്ചും സൂറ. അസ്വ്റിൽ അല്ലാഹു അറിയിച്ചിട്ടുണ്ട്.

وَالْعَصْرِ * إِنَّ الْإِنْسَانَ لَفِي خُسْرٍ * إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ

"കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ." (അസ്വ്ർ: 1-3)

മനുഷ്യരായി പിറന്നവരെല്ലാം നഷ്ടത്തിലാണ് വന്നു വീണിട്ടുള്ളതെന്ന് അല്ലാഹു ആദ്യം അറിയിച്ചു. എന്നാൽ നാല് ഗുണങ്ങൾ ഉള്ളവർ ഈ നഷ്ടത്തിൽ നിന്ന് കരകയറിയവരാണ്. എന്തെല്ലാമാണ് അവ?

**ഒന്ന്:** വിശ്വസിച്ചവർ. വിശ്വാസം സ്വീകരിക്കണമെങ്കിൽ അറിവ് ഉണ്ടായിരിക്കണം. അറിയാത്ത കാര്യത്തിൽ ഒരാൾക്ക് വിശ്വസിക്കാൻ കഴിയില്ലല്ലോ? അതിൽ നിന്ന് നമ്മൾ ആദ്യം പറഞ്ഞ പാഠം -അറിവ് നേടൽ- നിർബന്ധമാണ് എന്ന് മനസ്സിലാക്കാൻ കഴിയും.

**രണ്ട്:** സൽകർമ്മങ്ങൾ പ്രവർത്തിച്ചവർ. അറിവ് വെറുതെ നേടിയെടുക്കുന്നതിൽ ഒരുപകാരവുമില്ല. അതു കൊണ്ട് പ്രവർത്തനം ഉണ്ടാകണം. അതിനെ കുറിച്ചാണ് നാം രണ്ടാമത് പറഞ്ഞത് -അറിഞ്ഞത് അനുസരിച്ച് പ്രവർത്തിക്കൽ-.

**മൂന്ന്:** സത്യം കൊണ്ട് പരസ്പരം ഉപദേശിക്കൽ. അറിയുകയും സ്വയം നന്നാവുകയും ചെയ്താൽ, താൻ നേടിയെടുത്ത ഈ നന്മ മറ്റുള്ളവർക്കും ലഭിക്കണമല്ലോ എന്ന് ഗുണകാംക്ഷയുള്ള ഏതൊരു മനസ്സിന്റെ ഉടമയും ആഗ്രഹിക്കും. അതാണ് മൂന്നാമത്തെ പാഠം.

**നാല്:** പരസ്പരം ക്ഷമ കൊണ്ട് ഉപദേശിക്കൽ. സത്യം അറിയിച്ചു കൊടുക്കുമ്പോൾ പലർക്കും അതു രുചികരമായി തോന്നിക്കൊള്ളണമെന്നില്ല. അവർ ഉപദ്രവിച്ചേക്കാം. ഏതൊരു പ്രബോധകനും അത് മനസ്സിൽ വെച്ചിരിക്കണം.

ഈ നാല് പാഠങ്ങൾ ഓരോ മുസ്ലിമും നന്നായി ചിന്തിക്കുകയും, ജീവിതത്തിൽ കൊണ്ട് വരാൻ ശ്രമിക്കുകയും ചെയ്യൽ നിർബന്ധമാണ്.

# മൂന്ന് അടിസ്ഥാനങ്ങൾ

ഓരോ മുസ്ലിമും അവന്റെ ജീവിതത്തിൽ അറിയുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ട മൂന്ന് അടിസ്ഥാനങ്ങൾ ഉണ്ട്. അവന്റെ ദീൻ നിലകൊള്ളുന്നത് അവയുടെ മേലായിരിക്കും. അവ താഴെ പറയാം.

**ഒന്ന്:** അവന്റെ സൃഷ്ടാവായ റബ്ബിനെ അറിയൽ. ലോകങ്ങളുടെ സൃഷ്ടാവായ, എല്ലാ ജീവജാലങ്ങളെയും പടച്ച അല്ലാഹുവാണ് അവന്റെ റബ്ബ്.

**രണ്ട്:** അവനിലേക്ക് നിയോഗിക്കപ്പെട്ട നബിയെ അറിയൽ. നബിമാരിൽ അന്തിമനായ, എല്ലാ സൽസ്വഭാവങ്ങളുടെയും ഉടമയായ, മക്കയിൽ ജനിച്ച മുഹമ്മദ് ബ്നു അബ്ദില്ല -ﷺ- യാണ് അവന്റെ നബി.

**മൂന്ന്:** അവൻ സ്വീകരിക്കേണ്ട ദീനിനെ തെളിവുകളോടെ അറിയൽ. എല്ലാ നന്മയിലേക്കും ക്ഷണിക്കുന്ന, പരിപൂർണ്ണവും സുവ്യക്തവവുമായ ഇസ്ലാമാണ് അവന്റെ ദീൻ.

ഈ മൂന്ന് അടിസ്ഥാനങ്ങൾ ഒരാൾ ശരിയാക്കിയാൽ അവന്റെ ദീനും ദു

നിയാവും രക്ഷപ്പെട്ടു. ഖബറിൽ ഈ മൂന്ന് കാര്യങ്ങളെ കുറിച്ചാണ് അവൻ ആദ്യം ചോദ്യം ചെയ്യപ്പെടുക. 'ആരാണ് നിന്റെ റബ്ബ്?', 'ആരാണ് നിന്റെ നബി?', 'ഏതാണ് നിന്റെ ദീൻ?' എന്ന് ഓരോ മനുഷ്യരോടും ചോദിക്കപ്പെടും. സത്യസന്ധനായ മുസ്ലിം മേലെ നൽകിയ രൂപത്തിൽ മറുപടി നൽകും.

എന്നാൽ ഇതിനെ കുറിച്ച് അറിയാൻ ശ്രമിക്കാതെ അലസത കാട്ടുകയോ, അറിഞ്ഞിട്ടും നിഷേധിച്ചു തള്ളുകയോ ചെയ്തവർ; 'എനിക്ക് അറിയില്ല' എന്ന് അട്ടഹസിച്ചു പറയാനല്ലാതെ മറ്റൊന്നിനും അവർക്ക് കഴിയില്ല. ഈ മൂന്ന് അടിസ്ഥാനങ്ങളെ കുറിച്ച് നമ്മെ എല്ലാ ദിവസവും ഓർമ്മപ്പെടുത്തുന്ന ഒരു പ്രാർത്ഥനയാണ് താഴെ.

«رَضِيتُ بِاللَّهِ رَبًّا وَبِالإِسْلَامِ دِينًا وَبِمُحَمَّدٍ -ﷺ- نَبِيًّا»

സാരം: "അല്ലാഹുവിനെ റബ്ബായും, ഇസ്ലാമിനെ ദീനായും, മുഹമ്മദ് -ﷺ-യെ നബിയായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു."

പ്രഭാതത്തിൽ ഈ ദിക്ർ ചൊല്ലുന്നവനെ സ്വർഗത്തിലേക്ക് കൈ പിടിച്ചു കൊണ്ടു പോകാം എന്നതിന് ഞാൻ ഉറപ്പു നൽകാം എന്ന് നബി -ﷺ- പറഞ്ഞിട്ടുണ്ട്. (സ്വഹീഹ: 2686)

ഈ മൂന്ന് അടിസ്ഥാനങ്ങൾ ശരിയാംവണ്ണം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുക എന്നത് ഓരോ മുസ്ലിമിന്റെ മേലും നിർബന്ധമാണ്.

# എന്താണ് തൗഹീദ്?

ഇസ്ലാമിലെ ഏറ്റവും മഹത്തരമായ വിശ്വാസവും പ്രവർത്തനവുമാണ് തൗഹീദ്. ഏകാനാക്കുക എന്നതാണ് തൗഹീദിന്റെ ഭാഷാർത്ഥം. അല്ലാഹുവിന് മാത്രം അർഹമായ കാര്യങ്ങളിൽ അവൻ ഏകനാണെന്ന് വിശ്വസിക്കുകയും, അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യലാണ് തൗഹീദ് എന്ന് ചുരുക്കി പറയാം.

എന്തെല്ലാം കാര്യങ്ങളിലാണ് അല്ലാഹുവിനെ ഏകനാക്കേണ്ടത്? മൂന്ന് അടിസ്ഥാനപരമായ വിഷയങ്ങളിൽ എന്ന് ആമുഖമായി പറയാം. അല്ലാഹുവിന് മാത്രം അർഹമായ കാര്യങ്ങളാണ് ഈ മൂന്ന് കാര്യങ്ങൾ.

അല്ലാഹുവിന് പുറമെയുള്ള ഒരാൾക്കും തന്നെ ഈ മൂന്ന് കാര്യങ്ങൾ അവകാശപ്പെടാൻ കഴിയില്ല. അവ താഴെ പറയാം.

**ഒന്ന്: റുബൂബിയ്യഃ.** അല്ലാഹു മാത്രമാണ് നമ്മുടെ റബ്ബ് എന്ന് വിശ്വസിക്കലാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

അല്ലാഹു മാത്രമാണ് നമ്മെ സൃഷ്ടിച്ചത്. അവനാണ് നമ്മെ ഉടമപ്പെടുത്തുകയും സർവ്വചരാചരങ്ങളെയും നിയന്ത്രിക്കുകയും ചെയ്യുന്നവൻ. അവൻ സർവ്വാധികാരിയും രാജാധിരാജനുമാണ്. അവന്റെ തീരുമാനത്തിന് വിരുദ്ധമായി ഒന്നും തന്നെ ഈ പ്രപഞ്ചത്തിൽ സംഭവിക്കുകയില്ല. ഈ പറഞ്ഞ കാര്യങ്ങളിൽ എല്ലാം അല്ലാഹു ഏകനാണ് എന്ന് വിശ്വസിക്കുന്നതോടെ തൗഹീദിന്റെ ഒന്നാമത്തെ പടി അയാൾ ശരിയാക്കിയിരിക്കുന്നു.

قُلْ مَن يَرْزُقُكُم مِّنَ السَّمَاءِ وَالْأَرْضِ أَمَّن يَمْلِكُ السَّمْعَ وَالْأَبْصَارَ وَمَن يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَن يُدَبِّرُ الْأَمْرَ ۚ فَسَيَقُولُونَ اللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴿٣١﴾

"പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?" (യൂനുസ്: 31)

ഇസ്ലാമിക വിശ്വാസത്തിന്റെ അടിത്തറ ആരംഭിക്കുന്നത് അല്ലാഹു മാത്രമാണ് എല്ലാത്തിന്റെയും റബ്ബ് എന്ന ഈ അടിത്തറയിൽ നിന്നാണ്. ഇതിൽ തന്നെ ആർക്കെങ്കിലും പിഴവ് സംഭവിച്ചാൽ അതിന് ശേഷമുള്ള അടിസ്ഥാനങ്ങളിൽ തീർച്ചയായും അവൻ കൂടുതൽ പിഴവ് സംഭവിച്ചവനായിരിക്കും.

ആരെങ്കിലും സ്രഷ്ടാവായ അല്ലാഹു തന്നെയില്ലെന്നോ, അല്ലാഹുവല്ല ഇതെല്ലാം സൃഷ്ടിച്ചതെന്നോ, അല്ലാഹുവിന് പുറമെ മറ്റു സൃഷ്ടാക്കൾ ഉണ്ടെന്നോ മറ്റൊ വിശ്വസിച്ചാൽ അല്ലാഹുവാണ് റബ്ബ് എന്ന പ്രാ

ഥമിക അടിത്തറയിൽ തന്നെ അവന് പിഴവ് സംഭവിച്ചിരിക്കുന്നു.

അല്ലാഹുവാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന ഇസ്ലാമിക വിശ്വാസത്തിന്റെ അടിത്തറയെ തകർക്കുന്ന മനുഷ്യൻ കുരങ്ങിൽ നിന്നാണുണ്ടായതെന്ന വിചിത്ര വാദം വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ഈ അടിസ്ഥാനത്തിൽ തനിച്ച പിഴവ് സംഭവിച്ചവർ തന്നെ. ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവില്ലെന്നും ഇതെല്ലാം വെറുതെയുണ്ടായതാണെന്നും വിശ്വസിക്കുന്ന നിരീശ്വരവാദത്തിന്റെയോ അത് അടിത്തറയായി സ്വീകരിച്ച പ്രസ്ഥാനങ്ങളുടെയോ വഴിയിൽ ചരിക്കുന്നവനും ഇസ്ലാമിൽ നിന്ന് പുറത്തു പോയവൻ തന്നെ.

**രണ്ട്: ഉലൂഹിയ്യഃ.** അല്ലാഹു മാത്രമാണ് നമ്മുടെ ഇലാഹ് എന്ന് വിശ്വസിക്കലാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

മനുഷ്യർ പരമമായ വിനയവും താഴ്മയും അങ്ങേയറ്റത്തെ സ്നേഹവും, അതിന്റെ രൂപമായ ആരാധനകൾ (ഇബാദതുകൾ) സർവ്വവും അല്ലാഹുവിന് മുന്നിൽ മാത്രമാണ് പ്രകടിപ്പിക്കേണ്ടത്. അവ നൽകപ്പെടാൻ അർഹതയുള്ളവൻ അല്ലാഹു മാത്രമാണ്. മറ്റാർക്കും അവ നൽകിക്കൂട.

എല്ലാ സൽഗുണങ്ങളുടെയും പൂർണ്ണത അവന് മാത്രമാണ്. സർവ അനുഗ്രഹങ്ങളും നൽകിയതും അവൻ തന്നെ. അങ്ങനെയുള്ളവന് മാത്രമേ പരിപൂർണ്ണ വിനയത്തിന്റെ അടയാളമായ ഇബാദതുകൾ സമർപ്പിക്കാവൂ എന്നത് കേവല ബുദ്ധിയാണ്.

ആരെങ്കിലും അല്ലാഹുവല്ലാത്തവർക്ക് ആരാധന നൽകാം എന്ന് വിശ്വസിക്കുകയോ, നബിമാരെയോ മലക്കുകളെയോ പോലുള്ള മഹാന്മാരെയോ മറ്റോ അല്ലാഹുവിന് പുറമെ ആരാധിക്കുകയോ ചെയ്താൽ അവന് ഈ തൗഹീദിൽ പിഴവ് സംഭവിച്ചിരിക്കുന്നു. നബിമാർ മുഴുവൻ ക്ഷണിച്ച പരമപ്രധാനമായ വിഷയത്തെ തകിടം മറിച്ചിരിക്കുന്നു.

**മൂന്ന്: അൽഅസ്മാഉ വസ്സ്വിഫാത്.** അല്ലാഹുവിന് ഏറ്റവും ഉത്തമമായ നാമങ്ങളും അത്യുന്നതമായ വിശേഷണങ്ങളും ഉണ്ട്. അവയിലെല്ലാം അല്ലാഹു ഏകനാണ് എന്ന് വിശ്വസിക്കലാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

സർവ്വവിശാലമായ കാരുണ്യത്തെ സൂചിപ്പിക്കുന്ന 'അർറഹ്മാൻ' എന്ന നാമവും, സമ്പൂർണ്ണമായ അറിവിനെ സൂചിപ്പിക്കുന്ന 'അൽഅലീം' എന്ന നാമവും എല്ലാ ആരാധനകൾക്കും അർഹതയുള്ളവൻ എന്നറിയിക്കുന്ന 'അൽഇലാഹ്' എന്ന നാമവും ചില ഉദാഹരണങ്ങൾ മാത്രം. ഈ നാമങ്ങളെല്ലാം പൂർണ്ണമായ അർത്ഥത്തിൽ അല്ലാഹുവിന് മാത്രം അർഹമായവയാണ്. അവ മറ്റൊരു സൃഷ്ടിക്കും യോജിക്കുകയില്ല.

ഇതു പോലെ തന്നെ അല്ലാഹുവിന് അനേകം വിശേഷണങ്ങൾ ഉണ്ട്. ഉദാഹരണത്തിന് ഒരു അജ്ഞതയും കൂടിക്കലരാത്ത അറിവും, ഒരു ദുർബലതയും ബാധിക്കാത്ത ശക്തിയും അല്ലാഹുവിന്റെ വിശേഷണങ്ങളാണ്. അല്ലാഹുവിന്റെ പ്രതാപത്തിന് യോജിക്കുന്ന മുഖവും കൈകളും കണ്ണുകളും അവനുണ്ട്. അവന്റെ പൂർണ്ണതയും ഭംഗിക്കും യോജിച്ച ചിരിയും സിംഹാസനാരോഹണവും അവനുണ്ട്.

ഇതിലെല്ലാം അല്ലാഹു ഏകനാണ്. അവയിലൊന്നും അല്ലാഹുവിന് ഏതെങ്കിലും നിലക്ക് സദൃശ്യനോ സമനോ തുല്ല്യനോ പങ്കാളിയോ ഇല്ല തന്നെ. ഈ പറഞ്ഞതിലൊന്നും അല്ലാഹുവിനെ സൃഷ്ടികളുമായി താരതമ്യപ്പെടുത്തലോ ചേർത്തിപ്പറയലോ പാടില്ല. കാരണം അവയിലെല്ലാം അല്ലാഹു അവന് യോജിച്ച രൂപത്തിൽ ഏകനാണ്.

മേൽ പറഞ്ഞ ഈ മൂന്ന് കാര്യങ്ങളിലും അല്ലാഹുവിനെ ഏകാനാക്കുക എന്നതാണ് ഇസ്ലാമിലെ തൗഹീദിന്റെ ഉദ്ദേശം. ഈ പറഞ്ഞ അടിസ്ഥാനങ്ങളെ കുറിച്ച് ഓരോ മുസ്ലിമും നന്നായി ചിന്തിക്കുകയും പഠിക്കുകയും ചെയ്യേണ്ടതുണ്ട്.

# തൗഹീദിന്റെ ശ്രേഷ്ഠത

ഇസ്ലാം നിലകൊള്ളുന്ന പരമപ്രധാനമായ അടിസ്ഥാനമാണ് തൗഹീദ്. അതിന്റെ ശ്രേഷ്ടതയും മഹത്വവും എത്ര പറഞ്ഞാലും അവസാനിക്കുകയില്ല. അല്ലാഹുവിൽ വിശ്വസിക്കുന്ന ഏതൊരു മുസ്ലിമും തന്റെ ദീനിന്റെ കാര്യത്തിൽ ഏറ്റവും ശ്രദ്ധ കൊടുക്കുന്ന വിഷയം തൗഹീദായിരിക്കും എന്നതിൽ സംശയമില്ല.

തൗഹീദിന്റെ ചില ശ്രേഷ്ഠതകൾ നമുക്കിവിടെ വായിക്കാം.

**1- തൗഹീദാണ് എല്ലാ നബിമാരും ആദ്യം തങ്ങളുടെ സമൂഹത്തോട് കൽപ്പിച്ചത്.**

അല്ലാഹുവിന്റെ ഏറ്റവും ഇഷ്ടദാസന്മാരായ നബിമാരെല്ലാം തങ്ങളുടെ സമൂഹത്തെ ആദ്യം ക്ഷണിച്ചത് തൗഹീദിലേക്ക് ആയിരുന്നു. ഒരു നബിയും തൗഹീദ് ജനങ്ങളെ പഠിപ്പിച്ചു കൊടുക്കാതെ പോയിട്ടില്ല.

وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ ﴿٢٥﴾

“ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല.” (അമ്പിയാഅ: 25)

**2- തൗഹീദ് കാത്തുസൂക്ഷിച്ചവൻ ഒരിക്കലും നരകത്തിൽ ശാശ്വതനാവുകയില്ല.**

നരകത്തിൽ അവസാനമില്ലാതെ കിടക്കുക എന്ന അവസ്ഥയെക്കാൾ ഭയാനകമായ മറ്റൊരു ശിക്ഷയില്ല. തൗഹീദ് പാലിച്ചവർക്ക് ഈ ശിക്ഷയിൽ നിന്ന് നിർഭയത്വം ഉണ്ടായിരിക്കും. അവർ ഒരിക്കലും അവസാനമില്ലാതെ നരകത്തിൽ കിടക്കുക എന്ന ശിക്ഷക്ക് വിധേയരാവുകയില്ല.

عَنْ أَبِي ذَرٍّ أَنَّ النَّبِيَّ -ﷺ- قَالَ: «**مَا مِنْ عَبْدٍ قَالَ: لَا إِلَهَ إِلَّا اللَّهُ، ثُمَّ مَاتَ عَلَى ذَلِكَ إِلَّا دَخَلَ الجَنَّةَ**» قُلْتُ: وَإِنْ زَنَى وَإِنْ سَرَقَ؟ قَالَ: «**وَإِنْ زَنَى وَإِنْ سَرَقَ**»

നബി -ﷺ- പറഞ്ഞു: “ആരെങ്കിലും ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്നു പറയുകയും, അതിലായിക്കൊണ്ട് മരണപ്പെടുകയും ചെയ്താൽ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല.” സ്വഹാബികളിൽ പെട്ട അബൂദർറു -رَضِيَ اللَّهُ عَنْهُ- ചോദിച്ചു: “അയാൾ വ്യഭിച്ചരിചാലും മോഷ്ടിച്ചാലും (സ്വർഗത്തിൽ പോകുമെന്നോ?” നബി -ﷺ- പറഞ്ഞു: “അയാൾ വ്യഭിചരിച്ചാലും മോഷ്ടിച്ചാലും (സ്വർഗത്തിൽ പോകും).” (ബുഖാരി: 5827)

തൗഹീദിനെ നശിപ്പിക്കുന്ന ശിർക് ഒഴികെ ഏതു തിന്മയും ശാശ്വതമായ ശിക്ഷക്ക് അർഹമാക്കില്ല. വ്യഭിചാരവും മോഷണവുമെല്ലാം നരകശിക്ഷ ലഭിക്കാൻ കാരണമാകുന്ന ഗുരുതര തിന്മകൾ തന്നെ; എന്നാൽ അവയൊന്നും സ്വർഗത്തിൽ എന്നെങ്കിലുമൊരിക്കലെങ്കിലും പ്രവേശിക്കുന്നതിൽ നിന്ന് തടയില്ല.

**3- തൗഹീദ് ദുനിയാവിലും ആഖിറതിലും നിർഭയത്വയും സന്മാർഗവും പ്രദാനം ചെയ്യും.**

തൗഹീദ് പാലിക്കുന്നവനിൽ അത്ഭുതകരമായ നിർഭയത്വം പ്രകടമായിരിക്കും. കാരണം അവന്റെ പരിപൂർണ്ണമായ അഭയം അല്ലാഹുവിങ്കലാണ്. അവനെങ്ങനെ മറ്റുള്ളവയെ ഭയക്കും?! അല്ലാഹുവിന് പുറമെയുള്ളവരെ പേടിക്കും?

الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُم بِظُلْمٍ أُولَـٰئِكَ لَهُمُ الْأَمْنُ وَهُم مُّهْتَدُونَ ﴿٨٢﴾

"വിശ്വസിക്കുകയും, പിന്നീട് തങ്ങളുടെ വിശ്വാസത്തിൽ 'ദ്വുൽമ്' (അതിക്രമം) കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ; അവർക്കാകുന്നു നിർഭയത്വമുള്ളത്. അവർ തന്നെയാകുന്നു സന്മാർഗം പ്രാപിച്ചവരും." (അൻആം: 82)

ഈ ആയത്തിൽ പരാമർശിക്കപ്പെട്ട 'ദ്വുൽമ്' കൊണ്ടുള്ള ഉദ്ദേശം തൗഹീദിനെ നശിപ്പിക്കുന്ന ശിർകാണ് എന്ന് നബി -ﷺ- വിശദീകരിച്ചിട്ടുണ്ട്. അപ്പോൾ തൗഹീദിനെ സുരക്ഷിതമായ കാത്തുരക്ഷിച്ചവർക്ക് നിർഭയത്വം ഉണ്ടായിരിക്കും എന്ന് ഈ ആയത്തിൽ നിന്ന് മനസ്സിലാക്കാം.

ദുനിയാവിൽ അവന് അല്ലാഹുവല്ലാത്ത ഒന്നിനെയും ഭയക്കേണ്ടതില്ല. ഖബറിൽ ചോദ്യങ്ങൾ ചോദിക്കപ്പെടുമ്പോൾ അവന് നിർഭയത്വത്തോടെ ഉത്തരങ്ങൾ നൽകാൻ കഴിയും. പരലോകത്താകട്ടെ; അവന്റെ തൗഹീദിന്റെ മേന്മക്കനുസരിച്ച് നരകത്തിൽ നിന്നുള്ള നിർഭയത്വവും അവനുണ്ടായിരിക്കും.

മേൽ പറഞ്ഞത് തൗഹീദിന്റെ ചില ശ്രേഷ്ഠതകളും മഹത്വങ്ങളും മാത്രമാണ്. അതല്ലെങ്കിൽ ഈ വിഷയം വളരെ വിശാലവും പേനകൾ കൊണ്ടെത്ര എഴുതിയാലും അവസാനിക്കാത്തത്ര ആഴമുള്ളതുമാണ്.

# തൗഹീദിന്റെ അടിത്തറ

തൗഹീദിനെ ഒരു വൃക്ഷമായി സങ്കൽപ്പിക്കുക. അതിന് വേരുകളും തടിയും ശാഖകളും ഇലകളുമെല്ലാമുണ്ട്. വേരുകൾ ശക്തമായി ആഴ്ന്നിറങ്ങിയാൽ മാത്രമേ ശാഖകളും ഇലകളുമെല്ലാം ഉയരങ്ങളിലേക്ക് കുതിച്ചു പൊങ്ങുകയുള്ളൂ.

എന്താണ് തൗഹീദിന്റെ അടിത്തറ?

രണ്ട് കാര്യങ്ങളാണ് തൗഹീദിന്റെ അടിത്തറ.

**ഒന്ന്: അല്ലാഹുവിനെ മാത്രം ആരാധിക്കുക.**

**രണ്ട്: അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുക.**

ഈ രണ്ട് അടിസ്ഥാനങ്ങൾ പാലിച്ചാൽ അയാളുടെ തൗഹീദിന്റെ വൃക്ഷം വേരുകളുള്ളതായി തീർന്നിരിക്കുന്നു. ഇസ്ലാമിലെ അനേകം പ്രമാണങ്ങളിലും ഇബാദതുകളിലും ഈ രണ്ട് അടിസ്ഥാനങ്ങൾ വിശദീകരിക്കപ്പെട്ടതായി കാണാം.

ഇസ്ലാം കാര്യങ്ങളിലെ ഒന്നാമത്തെ പടിയിൽ -ലാ ഇലാഹ ഇല്ലല്ലാഹ് എന്ന ശഹാദത് കലിമയിൽ- തുടങ്ങുന്നു ഈ രണ്ട് അടിസ്ഥാനങ്ങളെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ. 'ലാ ഇലാഹ' (ആരാധന അർഹിക്കുന്ന ഒരു ആരാധ്യനും ഇല്ല) എന്ന ആദ്യത്തെ ഭാഗം 'അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുക' എന്ന തൗഹീദിന്റെ രണ്ടാമത്തെ അടിസ്ഥാനത്തിലേക്ക് സൂചന നൽകുന്നു. 'ഇല്ലല്ലാഹ്' (അല്ലാഹുവല്ലാതെ) എന്ന രണ്ടാമത്തെ ഭാഗമാകട്ടെ, അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന തൗഹീദിന്റെ ഒന്നാമത്തെ അടിസ്ഥാനത്തെയും ഓർമ്മപ്പെടുത്തുന്നു.

നബിമാരെല്ലാം തങ്ങളുടെ സമൂഹത്തെ തൗഹീദിലേക്കും ഇസ്ലാമിലേക്കും ക്ഷണിച്ചപ്പോഴും ഈ രണ്ട് അടിസ്ഥാനങ്ങൾ എടുത്തു പറഞ്ഞതായി കാണാൻ കഴിയും.

يَاقَوْمِ اعْبُدُوا اللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُ

"എന്റെ സമൂഹമേ! നിങ്ങൾ അല്ലാഹുവിനെ (മാത്രം) ആരാധിക്കുക! നിങ്ങൾ അവൻ അല്ലാതെ മറ്റൊരു ആരാധ്യൻ ഇല്ല."

നോക്കൂ! അല്ലാഹുവിനെ ആരാധിക്കൂ എന്ന് മാത്രം പറഞ്ഞു അവസാനിപ്പിച്ചില്ല നബിമാർ ആരും തന്നെ. മറിച്ച് അല്ലാഹുവിന് പുറമെ ഒരു ആരാധ്യനും ഇല്ല എന്നു കൂടി അവർ ഒപ്പം തന്നെ എടുത്തു പറഞ്ഞു. ഇത് കുറച്ച് കൂടി വ്യക്തമായി മറ്റൊരു ആയത്തിൽ കൂടി പറയപ്പെട്ടിട്ടുണ്ട്.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ

"നിങ്ങൾ അല്ലാഹുവിനെ (മാത്രം) ആരാധിക്കുകയും, (അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന) ത്വാഗൂതുകളെ വെടിയുകയും ചെയ്യുക' എന്ന് (പറഞ്ഞു കൊണ്ട്) എല്ലാ സമൂഹത്തിലേക്കും നാം നബിമാരെ അയച്ചിട്ടുണ്ട്." (നഹ്ൽ: 36)

ചുരുക്കത്തിൽ, തൗഹീദിന്റെ അടിസ്ഥാനം ഒരാൾക്ക് ശരിയാക്കണം എന്ന് ആഗ്രഹമുണ്ടെങ്കിൽ ഈ രണ്ട് കാര്യങ്ങളിൽ അവൻ ശ്രദ്ധ കേന്ദ്രീകരിക്കട്ടെ.

**ഒന്ന്:** അല്ലാഹുവിനെ മാത്രം ആരാധിക്കുക. ഏത് ആരാധനകളും അല്ലാഹുവിന് വേണ്ടി മാത്രം ചെയ്യുകയും, അവന്റെ മുന്നിൽ മാത്രം സമർപ്പിക്കുകയും ചെയ്യുക. അവയിലൊന്നും മഹാന്മാർക്കോ നബിമാർക്കോ ഔലിയാക്കൾക്കോ വിഗ്രഹങ്ങൾക്കോ സമർപ്പിക്കാതിരിക്കുക.

**രണ്ട്:** അല്ലാഹുവിന് പുറമെയുള്ള ആരാധ്യവസ്തുക്കളെ നിഷേധിക്കുകയും, അവയ്ക്ക് നൽകപ്പെടുന്ന ആരാധനങ്ങൾ അനർഹവും അങ്ങേയറ്റത്തെ അനീതിയുമാണെന്ന് വിശ്വസിക്കുക. ഈ തിന്മയോടും അത് ചെയ്യുന്നവരോടും ആദർശപരമായ അകൽച്ചയും വിദ്വേഷവും വെച്ചു പുലർത്തുന്നവനാവുകയും ചെയ്യുക.

ഈ അടിസ്ഥാനങ്ങളെ കുറിച്ച് കൂടുതലായി വഴിയെ വീണ്ടും വിശദീകരിക്കുന്നതാണ്. ഓരോ മുസ്ലിം അവ തന്റെ ഹൃദയത്തിൽ പതിഞ്ഞിട്ടുണ്ടോ എന്ന് സ്വയം പരിശോധിക്കട്ടെ.

# തൗഹീദിന്റെ പൂർത്തീകരണം (1)

തൗഹീദിന് വേരുകൾ ഉള്ളത് പോലെ തന്നെ അതിന് ശാഖകളും ഇലകളും ഫലങ്ങളുമുണ്ടെന്ന് പറഞ്ഞല്ലോ? തൗഹീദിന്റെ വേര് ആഴത്തിൽ ഇറങ്ങുകയും പടർന്നു പിടിക്കുകയും ചെയ്യുന്നതിന് അനുസരിച്ച് അതിന്റെ വ്യാപ്തി വർദ്ധിക്കും. ഉയരവും വണ്ണവും കൂടും.

ഹൃദയത്തിൽ തൗഹീദിന്റെ അടിസ്ഥാനം ശക്തമായാൽ അതിന്റെ പ്രതിഫലനങ്ങൾ സംസാരത്തിലും പ്രവർത്തനങ്ങളിലുമെല്ലാം പ്രകടമായി തുടങ്ങും. അയാളുടെ സർവ്വ വ്യവഹാരങ്ങളുടെയും അടിസ്ഥാനം

തൗഹീദായി മാറും. ഇതിനെയാണ് തൗഹീദിന്റെ പൂർത്തീകരണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

തൗഹീദിന്റെ അടിസ്ഥാനം ശരിയായി എന്ന് ബോധ്യമായാൽ പിന്നീട് ഓരോ മുസ്ലിമും അതിന്റെ പൂർത്തീകരണത്തിനായി ശ്രമം തുടങ്ങണം. ഉദാഹരണത്തിന് അല്ലാഹുവിന് മാത്രം ഇബാദത് നൽകുകയും, ജാറങ്ങളെയും മഖ്ബറകളെയും ഉപേക്ഷിക്കുകയും ചെയ്ത ഒരു വ്യക്തി അതിന് ശേഷം തൗഹീദിന്റെ അടുത്ത പടിയിലേക്ക് പ്രവേശിക്കണം. ഈ വഴിയെ രണ്ട് ഘട്ടങ്ങളായി തിരിക്കാം.

ഒന്ന്: നിർബന്ധമായ തൗഹീദ്.

രണ്ട്: സുന്നത്തായ തൗഹീദ്.

ഖുർആനിലും ഹദീസിലും ഈ വിഷയത്തിൽ വന്നിട്ടുള്ള തെളിവുകൾ സ്വരൂപിച്ച ശേഷം പണ്ഡിതന്മാർ വിശദീകരിച്ചതിന്റെ ചുരുക്കം ഇവിടെ പറയട്ടെ. നിർബന്ധമായ തൗഹീദ് നേടിയെടുക്കാൻ ഒരാളിൽ നാല് കാര്യങ്ങൾ ഉണ്ടായിരിക്കണം.

**ഒന്ന്: ചെറിയ ശിർക് ഒഴിവാക്കൽ.**

അല്ലാഹുവിന് വേണ്ടി ചെയ്യേണ്ട ഇബാദതുകളിൽ ചിലതെല്ലാം ജനങ്ങൾ കാണുന്നതിനോ അവരുടെ പ്രശംസ പിടിച്ചു പറ്റുന്നതിനോ മറ്റോ ചെയ്യുകയും, അങ്ങനെ അല്ലാഹുവിന് മാത്രം ഇബാദതുകൾ നിഷ്കളങ്കമാക്കുന്നതിൽ പിഴവ് വരുത്തലുമാണ് ചെറിയ ശിർക് എന്നത് കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് ലോകമാന്യം.

ഇത് ഒരാളിൽ സംഭവിക്കുന്നത് ഇബാദതുകൾ അല്ലാഹുവിന് മാത്രം ചെയ്യുക എന്ന തൗഹീദിന്റെ പരമപ്രധാനമായ അടിസ്ഥാനത്തിന് പോറലേൽപ്പിക്കും എന്നതിൽ സംശയമില്ല.

**രണ്ട്: ബിദ്അത്തുകൾ (പുത്തനാചാരങ്ങൾ) ഒഴിവാക്കൽ.**

ദീനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അല്ലാഹുവോ റസൂലോ പഠിപ്പിക്കാത്ത ആചാരാനുഷ്ടാനങ്ങളാണ് ബിദ്അതുകൾ. ഉദാഹരണത്തിന് നബിദിനാഘോഷം.

അല്ലാഹു അവതരിപ്പിച്ച ദീനിന് പൂർണ്ണമായി കീഴൊതുങ്ങുകയും, എ

ല്ലാ നന്മ-തിന്മകളും അവൻ വിശദമാക്കിയിട്ടുണ്ട് എന്ന് വിശ്വസിക്കുകയും ചെയ്യേണ്ട ഒരു മുസ്ലിം അല്ലാഹുവിന്റെ ദീനിൽ അവൻ തെളിവ് അവതരിപ്പിച്ചിട്ടില്ലാത്ത ഒരു കാര്യം കൊണ്ടു വരുന്നുണ്ടെങ്കിൽ അത് അല്ലാഹുവിന് എതിരാകലാണ്. തൗഹീദിന്റെ അന്തസ്സത്തക്ക് അത് കുറവ് വരുത്തുമെന്നതിൽ സംശയമില്ല.

**മൂന്ന്: കബാഇറുകൾ തുടർച്ചയായി ചെയ്യുന്നത് ഒഴിവാക്കൽ.**

അല്ലാഹുവോ റസൂലോ വൻപാപങ്ങളിൽ ഉൾപ്പെട്ടതായി അറിയിച്ച തിന്മകളാണ് കബാഇറുകൾ (വൻപാപങ്ങൾ). അത്തരം തിന്മകളിൽ തുടർന്നു പോവുകയും അല്ലാഹുവിനോട് പശ്ചാത്താപം തേടുന്നത് വൈകിക്കുകയും ചെയ്യുന്നത് ഒഴിവാക്കണം. ഉദാഹരണത്തിന് വ്യഭിചാരം.

അല്ലാഹുവിന്റെ മഹത്വവും ഗാംഭീര്യവും അവന്റെ നാമ-ഗുണ-വിശേഷണങ്ങളിലൂടെ മനസ്സിലാക്കുകയും, അതിൽ അല്ലാഹുവിനെ ഏകാനാക്കുകയും ചെയ്യൽ തൗഹീദിന്റെ ഇനങ്ങളിൽ ഒന്നാണല്ലോ? ഈ അറിവിലും ബോധ്യത്തിലുമുള്ള കുറവിൽ നിന്നാണ് വൻപാപങ്ങളിൽ തുടർന്നു പോകാനുള്ള ധൈര്യം അവന് കൈവന്നതെന്നതിൽ സംശയമില്ല. അത് തൗഹീദിന്റെ പൂർണ്ണതയെ ബാധിക്കുമെന്നതിൽ സംശയമില്ല.

**നാല്: നിർബന്ധകർമ്മങ്ങൾ പ്രവർത്തിക്കുക.**

അല്ലാഹു നിർബന്ധമായും ചെയ്യണം എന്ന് കൽപ്പിക്കുകയും, ഒഴിവാക്കാൻ സ്വാതന്ത്ര്യം നൽകാതെ കണിശമായി പറയുകയും ചെയ്ത കാര്യങ്ങളാണ് നിർബന്ധ കർമ്മങ്ങൾ (വാജിബുകൾ). ഉദാഹരണത്തിന് അഞ്ചു നേരത്തെ നിസ്കാരം.

അല്ലാഹു നിർബന്ധമായും ചെയ്യാൻ കൽപ്പിച്ച ഒരു കാര്യം അല്ലാഹുവിനെ ശരിയാംവണ്ണം മനസ്സിലാക്കിയ ഒരു മുവഹ്ഹിദിന് ഉപേക്ഷിക്കുക കഠിനമായിരിക്കും. അല്ലാഹുവിനുള്ള അനുസരണം എന്ന തൗഹീദിന്റെ പ്രധാനപങ്കിലുള്ള കുറവ് കൊണ്ടായിരിക്കും നിർബന്ധകാര്യങ്ങൾ ഒരാൾ ഒഴിവാക്കുന്നത് എന്നതിനാൽ അതും ഒരാളുടെ തൗഹീദിന്റെ പൂർണ്ണതക്ക് പരിക്കേൽപ്പിക്കും.

**എന്താണ് 'നിർബന്ധമായ തൗഹീദ്' പൂർത്തീകരിച്ചവർക്കുള്ള പ്രതിഫലം?**

അവർക്ക് പരലോകത്ത് നേരിട്ട് സ്വർഗത്തിൽ പ്രവേശിക്കാം; നരകശിക്ഷ തീർത്തും അനുഭവിക്കേണ്ടി വരില്ല. ദുനിയാവിൽ പരിപൂർണ്ണ നിർഭയത്വവും സൗഭാഗ്യം നിറഞ്ഞ ജീവിതവും അവർക്കുണ്ടായിരിക്കും.

എന്നാൽ മേൽ പറഞ്ഞതിൽ ഏതെങ്കിലും ഒരു കാര്യത്തിൽ കുറവ് വരുത്തിയവർക്ക് ഈ ഉറപ്പ് ഒരിക്കലും ലഭിക്കുകയില്ല. അവരെ അല്ലാഹു നരകത്തിൽ പ്രവേശിപ്പിക്കാനും ശിക്ഷ നൽകാനും സാധ്യതയുണ്ട്.

ചിലപ്പോൾ അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം. എന്നാൽ നിർബന്ധമായ തൗഹീദ് പൂർത്തീകരിച്ചവർക്ക് ഉണ്ടാകുന്ന നിർഭയത്വവും സമാധാനവും സ്വസ്ഥതയും അവർക്ക് ഒരിക്കലും ഉണ്ടാവുകയില്ല.

ٱلَّذِينَ آمَنُوا وَلَمْ يَلْبِسُوٓا إِيمَٰنَهُم بِظُلْمٍ أُو۟لَٰٓئِكَ لَهُمُ ٱلْأَمْنُ وَهُم مُّهْتَدُونَ ﴿٨٢﴾

"വിശ്വസിക്കുകയും, പിന്നീട് തങ്ങളുടെ വിശ്വാസത്തിൽ 'ദ്വുൽമ്' (അതിക്രമം) കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ; അവർക്കാകുന്നു നിർഭയത്വമുള്ളത്. അവർ തന്നെയാകുന്നു സന്മാർഗം പ്രാപിച്ചവരും." (അൻആം: 82)

ഈ ആയത്തിൽ നിന്ന് ഈമാൻ സ്വീകരിച്ചതിന് ശേഷം അതിക്രമം പ്രവർത്തിക്കാത്തവർക്ക് നിർഭയത്വം -ദുനിയാവിലും ആഖിറതിലും- ഉണ്ടായിരിക്കും എന്നും, അതിന്റെ നേർവിപരീതാർഥം ആരെങ്കിലും അതിക്രമം പ്രവർത്തിച്ചാൽ അവരുടെ അതിക്രമത്തിന്റെ വണ്ണവും തോതുമനുസരിച്ച് അതിൽ കുറവുണ്ടാകും എന്നുമാണെന്ന് മനസ്സിലാക്കാം.

# തൗഹീദിന്റെ പൂർത്തീകരണം (2)

ഒരു മുസ്ലിം അവന്റെ ദീൻ പൂർണ്ണതയിലേക്ക് എത്തിക്കാനും അല്ലാഹുവിനുള്ള തന്റെ സമർപ്പണം അങ്ങേയറ്റം കീഴൊതുക്കമുള്ളതാക്കാനും എപ്പോഴും പരിശ്രമിച്ചു കൊണ്ടേയിരിക്കും. തൗഹീദിന്റെ വിശാലമായ വാതായനങ്ങൾ താണ്ടിക്കടക്കുവാനുള്ള അവന്റെ പരിശ്രമം നിരന്തരം അവൻ തുടർന്നു കൊണ്ടേയിരിക്കും.

തൗഹീദിന്റെ നിർബന്ധമായ പൂർത്തീകരണത്തെ കുറിച്ചാണ് കഴിഞ്ഞ കുറിപ്പിൽ പറഞ്ഞത്. സുന്നത്തായ തൗഹീദിന്റെ പൂർത്തീകരണ

ത്തെ കുറിച്ച് ഈ കുറിപ്പിൽ വായിക്കാം. അഞ്ച് കാര്യങ്ങൾ ശരിയാക്കി യവർ സുന്നത്തായ തൗഹീദ് പൂർത്തീകരിച്ചിരിക്കുന്നു എന്നു പറയാം.

**ഒന്ന്: മക്റൂഹായ കാര്യങ്ങൾ ഉപേക്ഷിക്കുക.**

അല്ലാഹു നിർബന്ധമായും വെടിയണമെന്ന് കൽപ്പിച്ചിട്ടില്ലാത്ത, എന്നാൽ ഒഴിവാക്കുന്നത് അല്ലാഹുവിന് പ്രിയങ്കരമായ ചില കാര്യങ്ങളുണ്ട്. ഹറാമായ കാര്യങ്ങൾ പോലെ നിർബന്ധമായും ഉപേക്ഷിക്കണം എന്നില്ലെങ്കിലും ഇത്തരം കാര്യങ്ങൾ ഉപേക്ഷിക്കലാണ് ഏറ്റവും ഉത്തമം. രോഗത്തിൽ അക്ഷമ പ്രകടിപ്പിക്കലും, ഒപ്പമുള്ളവരോട് ആവലാതി പറഞ്ഞു കൊണ്ടേയിരിക്കലും, വലതു കൈ കൊണ്ട് വിസർജനം ശുദ്ധീകരിക്കലുമെല്ലാം ചില ഉദാഹരണങ്ങളാണ്.

ഇത്തരം കാര്യങ്ങൾ ഉപേക്ഷിക്കുക എന്നത് അല്ലാഹുവിനോടുള്ള ഒരാളുടെ അടിമത്വത്തിന്റെ പൂർണ്ണതയെ അറിയിക്കുന്നു. അതിനാൽ അത് തൗഹീദിന്റെ ഭാഗവുമായിതീരുന്നു.

**രണ്ട്: അനുവദനീയമായ കാര്യങ്ങൾ പരിധിവിട്ട് അധികരിപ്പിക്കുന്നത് ഉപേക്ഷിക്കുക.**

അല്ലാഹു ദുനിയാവിൽ അനേകം കാര്യങ്ങൾ നമുക്ക് അനുവദിച്ചു തന്നിട്ടുണ്ട്. ഭക്ഷണം കഴിക്കലും, സംസാരത്തിൽ ഏർപ്പെടലും, ചിരിയും ഉറക്കവും, അനുവദനീയമായ വിനോദങ്ങളിൽ ഏർപ്പെടലുമെല്ലാം ചില ഉദാഹരണങ്ങൾ മാത്രം.

എന്നാൽ ഇവ പരിധിവിട്ട് അധികരിപ്പിക്കുക എന്നത് അല്ലാഹുവിനു ഇബാദത് ചെയ്യുന്നതിന് വേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ് താൻ എന്ന ബോധ്യം ദൃഢമായിട്ടുള്ള ഒരു മുസ്ലിമിൽ നിന്നുണ്ടാവുകയില്ല. അതിനാൽ അല്ലാഹുവിനുള്ള അടിമത്വം പൂർത്തീകരിച്ചവർ അതിൽ നിന്ന് മുക്തരായിരിക്കും.

**മൂന്ന്: അവ്യക്തമായ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കൽ.**

അല്ലാഹുവിന്റെ ദീനിൽ ഹലാലുകളും ഹറാമുകളും വ്യക്തമായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചില കാര്യങ്ങൾ ഹലാലാണോ ഹറാമാണോ എന്നത് ജനങ്ങളിൽ ചിലർക്ക് അവ്യക്തമായി വന്നേക്കാം. അവയുടെ വിധി എന്താണ് എന്ന് അവർക്ക് വ്യക്തമായി അറിയാൻ കഴിഞ്ഞിട്ടുണ്ടായിരിക്കില്ല.

ഇത്തരം കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുക എന്നത് അല്ലാഹുവിനെ വളരെ സൂക്ഷിക്കുകയും അവന്റെ വിധിവിലക്കുകൾ പൂർണ്ണമായി പാലിക്കണം എന്ന നിഷ്കർഷത വെച്ചു പുലർത്തുകയും ചെയ്യുന്ന ഒരു മുസ്ലിമിന്റെ സ്വഭാവത്തിൽ പെട്ടതായിരിക്കും. അല്ലാഹുവിനെ അറിഞ്ഞു കൊണ്ട് തൗഹീദ് മനസ്സിലാക്കിയ മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അല്ലാഹുവിനു ഇഷ്ടമില്ലാത്തത് എന്തെങ്കിലും തന്നിൽ നിന്ന് സംഭവിക്കുമോ എന്ന വ്യഥയും ആശങ്കയും അവനുണ്ടായിരിക്കും. അതിനാൽ ഇത്തരം കാര്യങ്ങൾ ഉപേക്ഷിക്കുന്നതും തൗഹീദിന്റെ പൂർത്തീകരണത്തിന്റെ ഭാഗമാണ്.

**നാല്: ജനങ്ങളോട് ചോദിക്കുന്നത് ഉപേക്ഷിക്കൽ.**

അല്ലാഹുവിൽ പരിപൂർണ്ണമായി ഭരമേൽപ്പിച്ച മുസ്ലിമിന് അവന്റെ ഏതു കാര്യങ്ങൾക്കും അല്ലാഹു മതിയായവനായിരിക്കും. അല്ലാഹുവിന്റെ അടിമയാകാനും, അതിൽ പ്രതാപവും അഭിമാനവും ഉള്ളവനായിരിക്കാനും അവൻ സന്നദ്ധനായിരിക്കും. അതു കൊണ്ട് തന്നെ അവന്റെ സർവ്വ ആവശ്യങ്ങളും അവൻ അല്ലാഹുവിനു മുൻപിൽ മാത്രമേ സമർപ്പിക്കുകയുള്ളൂ.

ഈ ബോധ്യം മനസ്സിൽ രൂഢമൂലമായ ഒരാൾ അല്ലാഹുവിനു പുറമേ മറ്റൊരാൾക്ക് മുന്നിൽ ദൈന്യതയോടെ കൈ നീട്ടേണ്ട ഒരു സ്ഥിതി വിശേഷവും തന്റെ ജീവിതത്തിൽ ഉണ്ടാകുന്നത് തൃപ്തിപ്പെടുകയില്ല. അല്ലാഹു തന്റെ കാര്യങ്ങൾ പൂർണ്ണമായി ഏറ്റെടുക്കും എന്ന ബോധ്യം ഉള്ളതിനാൽ തന്നെ മറ്റാരുടെയും സഹായത്തിനായി അവൻ താഴ്ന്നു നിൽക്കുകയുമില്ല.

തൗഹീദിന്റെ പൂർണ്ണതയിലെ അങ്ങേയറ്റം മനോഹരമായ -പ്രതാപം നിറഞ്ഞു നിൽക്കുന്ന- അവസ്ഥകളിൽ ഒന്നാണിത്. ഒട്ടകപ്പുറത്ത് ഇരിക്കവെ താഴെ വീണു പോയ തന്റെ വടിയൊന്നു എടുത്തു നൽകാൻ വേണ്ടി പോലും മറ്റൊരാളോട് ചോദിക്കാതിരുന്ന ചില സ്വഹാബികളെ സൃഷ്ടിച്ചത് ഈ തൗഹീദിന്റെ പൂർണ്ണ വെളിച്ചമല്ലാതെ മറ്റൊന്നല്ല. പ്രയാസങ്ങൾ കഠിനമായാലും അല്ലാഹുവിൽ ഭരമേൽപ്പിച്ചു കൊണ്ട് -മറ്റൊരാളോട് മന്ത്രിച്ചു നൽകാൻ ആവശ്യപ്പെടാതിരിക്കുക എന്നതും- പരിപൂർണ്ണമായ ഈ തൗഹീദിന്റെ ഭാഗം തന്നെയാണ്.

**അഞ്ച്: സുന്നത്തുകൾ പ്രവർത്തിക്കൽ.**

അല്ലാഹു നിർബന്ധമായും ചെയ്യണമെന്ന് കൽപ്പിച്ചിട്ടില്ലാത്ത -എന്നാൽ അവന് ഏറെ പ്രിയങ്കരമായ പ്രവർത്തനങ്ങളാണ്- സുന്നത്തുകൾ. ഫർദ് നിസ്കാരങ്ങളോട് ഒപ്പമുള്ള റവാതിബ് നിസ്കാരങ്ങൾ, സുന്നത്തായ നോമ്പുകൾ, സകാതല്ലാത്ത ദാനദർമ്മങ്ങൾ; ഇവയെല്ലാം ചില ഉദാഹരണങ്ങൾ മാത്രം.

അല്ലാഹുവിനു പ്രിയങ്കരമായ ഇത്തരം കർമ്മങ്ങൾ നിറവേറ്റുക എന്നത് അല്ലാഹുവിനോടുള്ള പരിപൂർണ്ണമായ സ്നേഹത്തിന്റെയും ആദരവിന്റെയും ഭാഗമാണ്. അതിനാൽ തന്നെ അത് തൗഹീദിന്റെ പൂർത്തീകരണത്തെ അതിന്റെ ഉത്തുംഗതയിൽ എത്തിക്കുന്ന മഹത്തരമായ കാര്യമായി തീരുന്നു.

മേൽ പറഞ്ഞ അഞ്ചു കാര്യങ്ങൾ സുന്നത്തായ തൗഹീദിന്റെ പൂർത്തീകരണമാണ്. നിർബന്ധമായ തൗഹീദ് പൂർത്തീകരിച്ചവർക്കുള്ള പ്രതിഫലം കഴിഞ്ഞ കുറിപ്പിൽ നാം പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. എന്നാൽ സുന്നത്തായ തൗഹീദ് പൂർത്തീകരിച്ചവർക്കുള്ള പ്രതിഫലം അതിനേക്കാൾ മഹത്തരമാണ്.

അവരുടെ പ്രവർത്തനങ്ങൾ പരലോകത്ത് വിചാരണ ചെയ്യപ്പെടുകയേ ഇല്ല. ഒരു ചോദ്യവുമില്ലാതെ, പരിപൂർണ്ണ നിർഭയത്വത്തോടെ അവർക്ക് സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയും. ഇതിനെല്ലാം പുറമെ ദുനിയാവിൽ പരിപൂർണ്ണ നിർഭയത്വയും സമാധാനവും സൗഭാഗ്യകരമായ ജീവിതവും, ഖബറിൽ അങ്ങേയറ്റത്തെ സ്വസ്ഥതയും സന്തോഷവും അല്ലാഹുവിൽ നിന്നുള്ള പിൻബലവും അവർക്ക് ഉണ്ടായിരിക്കും. ഈ വിഷയം നബി -ﷺ- അവിടുത്തെ ഹദീസിൽ പരാമർശിച്ചിട്ടുണ്ട്.

عَنْ ابْنِ عَبَّاسٍ: أَنَّ رَسُولَ اللَّهِ -ﷺ- قَالَ: «**يَدْخُلُ الجَنَّةَ مِنْ أُمَّتِي سَبْعُونَ أَلْفًا بِغَيْرِ حِسَابٍ، هُمُ الَّذِينَ لاَ يَسْتَرْقُونَ، وَلاَ يَتَطَيَّرُونَ، وَعَلَى رَبِّهِمْ يَتَوَكَّلُونَ**»

നബി -ﷺ- പറഞ്ഞു: "എന്റെ ഉമ്മതിൽ നിന്ന് എഴുപതിനായിരം പേർ വിചാരണയില്ലാതെ സ്വർഗത്തിൽ പ്രവേശിക്കും. മന്ത്രിക്കാൻ ആവശ്യപ്പെടുകയോ, ശകുനം നോക്കുകയോ ചെയ്യാത്ത; തങ്ങളുടെ റബ്ബിൽ ഭരമേൽപ്പിക്കുന്നവരാണ് അവർ." (ബുഖാരി: 6472)

ഈ ഹദീസ് സുന്നത്തായ തൗഹീദ് പൂർത്തീകരിച്ചവരുടെ ചില സ്വഭാവങ്ങളും സവിശേഷതകളുമാണ് പരാമർശിച്ചത്. മേലെ നൽകിയ ഹദീസ് അതിലേക്കുള്ള ചില സൂചനകളും, സുന്നത്തായ തൗഹീദ് പൂർത്തീകരിച്ചവർക്കുള്ള പ്രതിഫലത്തെ കുറിച്ചുമാണ് അറിയിക്കുന്നത്.

# തൗഹീദിലേക്കുള്ള ക്ഷണം

തൗഹീദിന്റെ പ്രാധാന്യവും ഗൗരവവും, സ്വർഗ പ്രവേശനത്തിനും നരകമോചനത്തിനും തൗഹീദ് നിർബന്ധമാണെന്നതും മനസ്സിലാക്കിയ ഏതൊരാൾക്കും തൗഹീദിലേക്ക് ക്ഷണിക്കേണ്ടതിന്റെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാകും. ആദമിന്റെ സന്തതികളായ, തന്നെ പോലെ ബുദ്ധിയും വിവേകവുമുള്ള മനുഷ്യർ തൗഹീദ് സ്വീകരിക്കുകയും അതിൽ മരണപ്പെടുകയും ചെയ്യണമെന്നതാകട്ടെ; നമ്മുടെ ദീനിന്റെ പരമപ്രധാന അടിസ്ഥാനങ്ങളിലൊന്നായ ഗുണകാംക്ഷയിൽ പെട്ടതുമാണ്.

നബി -ﷺ- പറഞ്ഞില്ലേ?!

«الدِّينُ النَّصِيحَةُ»

"ദീൻ (ഇസ്ലാം) എന്നാൽ ഗുണകാംക്ഷയാണ്." (മുസ്ലിം: 55)

അതു കൊണ്ട് തന്നെ തൗഹീദിലേക്ക് -അല്ലാഹുവിലേക്കും അവനെ ഏകാനാക്കുന്നതിലേക്കും- ക്ഷണിക്കുക എന്നതിനെക്കാൾ മഹത്തരമായ മറ്റൊരു കർമ്മവുമില്ല.

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ ﴿٣٣﴾

"അല്ലാഹുവിലേക്ക് ക്ഷണിക്കുകയും, (നബി -ﷺ- പഠിപ്പിച്ചു തന്ന) സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, ഞാൻ മുസ്ലിമീങ്ങളിൽ പെട്ടവനാണ് എന്നു പറയുകയും ചെയ്തവനെക്കാൾ നല്ല വാക്ക് പറഞ്ഞവൻ മറ്റാരുണ്ട്?" (ഫുസ്സ്വിലത്: 33)

മേൽ പറഞ്ഞ ആയത്തിൽ പരാമർശിക്കപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റവും നല്ല മനുഷ്യരുടെ അടയാളമാണ്. അതു കൊണ്ടാണല്ലോ മനുഷ്യർക്കിടയിൽ ഏറ്റവും നല്ലവരായ നബിമാരും റസൂലുകളും അല്ലാഹുവി

ലേക്ക് ക്ഷണിക്കുന്നവരും മരണം വരെ അനേകം ത്യാഗങ്ങൾ സഹിച്ചും അതിൽ നിലകൊള്ളുന്നവരുമായത്.

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ

“അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും, (അല്ലാഹുവിന് പുറമേ ആരാധിക്കപ്പെടുന്ന) ത്വാഗൂതുകളെ വെടിയണമെന്നും (പ്രബോധനം ചെയ്യുന്നതിന് വേണ്ടി) എല്ലാ സമൂഹത്തിലേക്കും നാം റസൂലുകളെ നിയോഗിച്ചിട്ടുണ്ട്.” (നഹ്ൽ: 36)

وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِي إِلَيْهِ أَنَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدُونِ

“ഞാനല്ലാതെ യാതൊരു ആരാധ്യനുമില്ല; അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല.” (അമ്പിയാഅ്: 25)

നമ്മുടെ നബിയായ മുഹമ്മദ് -ﷺ- യാകട്ടെ; അവിടുത്തെ പ്രബോധനം ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്തത് തൗഹീദിനെ കൊണ്ടായിരുന്നു. മക്കയിൽ തന്റെ പ്രബോധനത്തിന്റെ ആദ്യ കാലഘട്ടങ്ങളിൽ അവിടുന്ന് പറഞ്ഞു കൊണ്ടിരുന്നു.

«يَا أَيُّهَا النَّاسُ! قُولُوا لَا إِلَهَ إِلَّا اللَّهُ تُفْلِحُوا»

“അല്ലയോ ജനങ്ങളേ! നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് പറയുക! നിങ്ങൾക്ക് വിജയിക്കാം.” (അഹ്മദ്: 16023)

മരണക്കിടക്കയിൽ, കടുത്ത വേദനയും ക്ഷീണവും അനുഭവിക്കവെ; അവിടുന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു കൊണ്ടിരുന്നു:

«لَعْنَةُ اللَّهِ عَلَى اليَهُودِ وَالنَّصَارَى! اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ»

“യഹൂദ-നസ്വാറാക്കൾക്ക് മേൽ അല്ലാഹുവിന്റെ ശാപമുണ്ടാകട്ടെ; അവർ അവരുടെ നബിമാരുടെ ഖബറുകളെ ആരാധനാ കേന്ദ്രങ്ങളാക്കി.” (ബുഖാരി: 3453, മുസ്ലിം: 531)

നോക്കൂ! അവിടുത്തെ പ്രബോധനത്തിന്റെ ആരംഭവും അവസാനവു

മെല്ലാം തൗഹീദിലായിരുന്നു. നബി -ﷺ- മുആദ് ബ്നു ജബൽ -رَضِيَ اللهُ عَنْهُ- വിനെ യമനിലേക്ക് പ്രബോധകനായി പറഞ്ഞയക്കുമ്പോൾ അദ്ദേഹത്തെ ഉപദേശിച്ചു:

«يَا مُعَاذُ! إِنَّكَ تَأْتِي قَوْمًا مِنْ أَهْلِ الكِتَابِ، فَلْيَكُنْ أَوَّلَ مَا تَدْعُوهُمْ إِلَيْهِ شَهَادَةُ أَنْ لَا إِلَهَ إِلَّا اللَّهُ»

“ഹേ മുആദ്! വേദക്കാരുടെ നാട്ടിലേക്കാണ് നീ പോകുന്നത്. നീ അവരെ ആദ്യം ക്ഷണിക്കുന്നത് തൗഹീദിലേക്ക് ആകട്ടെ.” (ബുഖാരി: 7372, മുസ്ലിം: 19)

നന്മകൾ കൽപ്പിക്കുകയും തിന്മകൾ വിരോധിക്കുകയും ചെയ്യുന്നത് തന്നെ ഇസ്ലാമിൽ വളരെ പ്രശംസിക്കപ്പെട്ട പ്രവർത്തനമാണ്. അപ്പോൾ നന്മകളിൽ ഏറ്റവും മഹത്തരമായ തൗഹീദിലേക്ക് ക്ഷണിക്കുകയും, ശിർകിൽ നിന്ന് വിലക്കുകയും ചെയ്യുന്നതിന് ഇസ്ലാമിൽ എന്തു മാത്രം സ്ഥാനമുണ്ടായിരിക്കും?!

മദ്യം വർജിക്കണമെന്നും, അനർഹമായി സമ്പാദിക്കരുതെന്നും, നല്ല സ്വഭാവ-സംസ്കാരങ്ങൾ വെച്ചു പുലർത്തണമെന്നും, നിസ്കാരവും നോമ്പും സകാത്തും ശ്രദ്ധിക്കണമെന്നുമെല്ലാം പറയുന്നത് വളരെ വലിയ നന്മ തന്നെ. എന്നാൽ ഈ പറഞ്ഞതെല്ലാം അല്ലാഹുവിങ്കൽ സ്വീകാര്യവും ഉപകാരപ്രദവുമായി തീരണമെങ്കിൽ നിർബന്ധമായും പാലിച്ചിരിക്കേണ്ട നിബന്ധനയെ കുറിച്ച് -തൗഹീദുണ്ടായിരിക്കേണ്ടതിനെ കുറിച്ച്- എപ്പോഴും പറയുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

തൗഹീദീ പ്രബോധനത്തെ നിസ്സാരവൽക്കരിക്കുകയോ, അതിൽ നിന്ന് ജനങ്ങളെ പിന്തിരിപ്പിക്കുകയോ, ശിർക്കിൽ നിന്ന് ജനങ്ങളെ അകറ്റുന്നതും അതിൽ നിന്ന് അവരെ താക്കീത് ചെയ്യുന്നതും പരുഷതയും ജനങ്ങളെ ഭിന്നിപ്പിക്കലുമാണ് എന്ന് പറയുകയോ ചെയ്യുന്നവരെ കണ്ടാൽ നീ മനസ്സിലാക്കുക; ഇസ്ലാമിന്റെ ശരിയായ പാതയിലല്ല അവർ നിലകൊള്ളുന്നത്.

തൗഹീദിലേക്ക് ക്ഷണിക്കുകയും, അതിൽ നബി -ﷺ- യുടെ മാർഗം പിൻപറ്റുകയും, ക്ഷമയോടെ ഉറച്ചു നിൽക്കുകയും ചെയ്യുന്നവരെ കണ്ടാൽ അവനിൽ നീ പ്രതീക്ഷ വെക്കുക; നബി -ﷺ- അറിയിച്ച സത്യത്തിന്റെ കക്ഷികളിൽ അവൻ ഉൾപ്പെടാൻ വളരെ സാധ്യതയുണ്ട്!

# ഉള്ളടക്കം

നാലു കാര്യങ്ങൾ....................................................2
മൂന്ന് അടിസ്ഥാനങ്ങൾ..........................................3
എന്താണ് തൗഹീദ്?................................................4
തൗഹീദിന്റെ ശ്രേഷ്ഠത ..........................................7
തൗഹീദിന്റെ അടിത്തറ ..........................................9
തൗഹീദിന്റെ പൂർത്തീകരണം (1) ..........................11
തൗഹീദിന്റെ പൂർത്തീകരണം (2) ..........................14
തൗഹീദിലേക്കുള്ള ക്ഷണം ....................................18